ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാർക്കും സെല്ലുലാർഫോൺ നൽകിയിട്ടുണ്ട്. എന്നാൽ അവരുടെ സ്റ്റാഫ് അംഗങ്ങൾക്ക് ആർക്കും തന്നെ സെല്ലുലാർഫോൺ നൽകിയിട്ടില്ല.

(ബി) മുഖ്യമന്ത്രി, വനം ഗതാഗതവകുപ്പുമന്ത്രി, ധനകാര്യ മന്ത്രി, വ്യവസായ സാമൂഹ്യ ക്ഷേമ മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പിന്നോക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി എന്നിവരുടെ ആഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) അനുബന്ധം 1,2,3 കാണുക. †

(ഡി) 1,87,134 രൂപ.

മന്ത്രിമാരുടെ വിദേശ പര്യടനം

15 (15) ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(സി) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും ഏതെല്ലാം വിദേശങ്ങളിലാണ് പര്യടനം നടത്തിയിട്ടുള്ളത്;

(ഡി) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും നടത്തിയ ഓരോ വിദേശപര്യടനത്തിനും ഏതെല്ലാം പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഗവൺമെന്റ്-അർദ്ധ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും അവരെ അനുഗമിച്ചിരുന്നു;

(ഇ) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും അവരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാരും വിദേശപര്യടനത്തിന്റെ പേരിൽ എന്തു തുക വീതം ടി.എ., ഡി.എ., ഇൻസിടന്റൽ ചാർജ്ജസ്, എന്റർടെയിൻമെന്റ് ചാർജ്ജസ് എന്നീ ഓരോ ഇനങ്ങളിലും പറ്റിയിട്ടുണ്ട്;

(എഫ്) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും അവരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാരും വിദേശപര്യടനക്കാലത്ത് ബന്ധപ്പെട്ട വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എമ്പസികളും കോൺസുലേറ്റുകളും ഹൈക്കമ്മീഷൻ ആഫീസുകളും ഏർപ്പെടുത്തിയ സൗകര്യം വിനിയോഗിച്ചതിന്റെ പേരിൽ എന്തു തുക വീതം കേന്ദ്രഗവൺമെന്റിൽ അടച്ചിട്ടുണ്ട്?

† അനുബന്ധം - VI (a,b,c)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി)

1. ശ്രീ. ഇ. കെ. നായനാർ (മുഖ്യമന്ത്രി) ആറ് വിദേശയാത്രകൾ നടത്തി. അമേരിക്ക, ജർമ്മനി, നെതർലാന്റ്, യു. എ. ഇ., കാനഡ,ഫ്രാൻസ്, ഇറ്റലി, ഖത്തർ, കുവൈറ്റ്, ഇറാൻ, മസ്കറ്റ്, അബുദാബി, ദുബൈ, മലേഷ്യ, യു. കെ. എന്നീ രാജ്യങ്ങളാണ് സന്ദർശിച്ചത്.

2. ശ്രീ. പി. ജെ. ജോസഫ് (വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പുമന്ത്രി) ആറ് വിദേശയാത്രകൾ നടത്തി. ഫ്രാങ്ക്ഫർട്ട്, റോം, യു. കെ., അമേരിക്ക, ബഹറൈൻ,കുവൈറ്റ്,ജർമ്മനി, നെതർലാന്റ്,സ്വിറ്റ്സർലാന്റ്,യു.എ.ഇ.,ഇറ്റലി,ഖത്തർ, ദുബൈ, മലേഷ്യ, സിങ്കപ്പൂർ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

3. ശ്രീ. ടി. കെ. രാമകൃഷ്ണൻ(മത്സ്യബന്ധനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി) 4 വിദേശയാത്രകൾ നടത്തി ജർമ്മനി, യു.കെ., കുവൈറ്റ്, അമേരിക്ക എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

4. ശ്രീ. പിണറായി വിജയൻ (മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി) 5 വിദേശയാത്രകൾ നടത്തി. കാനഡ, ഫ്രാൻസ്, ഇറ്റലി, ചൈന, സിങ്കപ്പൂർ, അമേരിക്ക എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

5. ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി) ഒരു വിദേശയാത്ര നടത്തി. അമേരിക്ക സന്ദർശിച്ചു.

6. ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമവകുപ്പുമന്ത്രി) ഒരു വിദേശയാത്ര നടത്തി. ക്യൂബ സന്ദർശിച്ചു.

7. ശ്രീ. കെ. ഇ. ഇസ്മയിൽ (റവന്യൂ വകുപ്പുമന്ത്രി) മൂന്ന് വിദേശ യാത്ര നടത്തി. ഖത്തർ, യു. എ. ഇ., കുവൈറ്റ്, ദുബൈ, അബുദാബി, എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

8. ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനം, ട്രാൻസ്പോർട്ട്, ദേവസ്വം വകുപ്പുമന്ത്രി) ഒരു വിദേശയാത്ര നടത്തി. അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

9. ശ്രീമതി സുശീലാ ഗോപാലൻ (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) 3 വിദേശയാത്രകൾ നടത്തി. ഈജിപ്ത്, വിയറ്റ്നാം, ദുബൈ, അബുദാബി, മസ്ക്കറ്റ്, എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ (കൃഷി വകുപ്പുമന്ത്രി) അബുദാബി, ദുബൈ, ഖത്തർ, ഇസ്രായേൽ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

11. ശ്രീ. ടി. ശിവദാസമേനോൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) ഒരു തവണ വിദേശയാത്ര നടത്തി. അബുദാബി, ദുബൈ, ഖത്തർ, ബഹറൈൻ, കുവൈറ്റ്, മസ്ക്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ലഭ്യമായ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും വാങ്ങിയ അലവൻസുകൾ

16 (16) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും എന്തു തുക വീതം ടി.എ., ഡി.എ., മറ്റു അലവൻസുകൾ എന്നീ ഇനങ്ങളിൽ പറ്റിയിട്ടുണ്ട് ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ എന്തു തുക പറ്റിയിട്ടുണ്ട് ?

ഉത്തരം

(എ&ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു. †

മന്ത്രിമാരുടെ വിദേശയാത്ര

17 (17) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർ നടത്തിയ വിദേശയാത്രകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ വിദേശയാത്രകൾക്ക് ഓരോന്നിനും ഗവൺമെന്റിനു ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ യാത്രയ്ക്കും വിമാനക്കൂലിയിനത്തിൽ ചെലവായ തുക എത്ര ;

(ഡി) ഓരോ മന്ത്രിമാരുടേയും കൂട്ടത്തിൽ ആരെല്ലാം അനുഗമിച്ചിരുന്നുവെന്നും അതിനു ചെലവായ തുക എത്രവീതമെന്നും വ്യക്തമാക്കാമോ ;

(ഇ) ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരും അല്ലാതെ ആരെങ്കിലും മുഖ്യമന്ത്രിയേയും മന്ത്രിമാരേയും അനുഗമിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആരെല്ലാമെന്നും അവർ ഗവൺമെന്റ് ചെലവിൽ പോകുവാൻ ഇടയായ സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ ;

† അനുബന്ധം - VII, VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI (c)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (15-2-2001) വരെ ഓരോ മന്ത്രിമാർക്കും സെല്ലുലാർ (മൊബൈൽ) ഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക

മന്ത്രി	ചെലവഴിച്ച തുക
മുഖ്യമന്ത്രി	5,451 രൂപ
ജലസേചനവും തൊഴിലും	28,093 രൂപ
ഭക്ഷ്യവും വിനോദസഞ്ചാരവും	26,916 രൂപ
റവന്യൂ	29,640 രൂപ
വിദ്യാഭ്യാസവും മരാമത്തും	2,19,125 രൂപ
വനവും ഗതാഗതവും	42,636 രൂപ
തദ്ദേശ സ്വയംഭരണം	33,418 രൂപ
വൈദ്യുതിയും സഹകരണവും	37,962 രൂപ
പിന്നോക്ക വിഭാഗ ക്ഷേമം	30,893 രൂപ
കൃഷി	41,434 രൂപ
മത്സ്യബന്ധനവും സാംസ്ക്കാരികവും	35,503 രൂപ
ആരോഗ്യവും സ്പോർട്സും	43,220 രൂപ
ധനകാര്യവും എക്സൈസും	27,103 രൂപ
വ്യവസായവും സാമൂഹ്യക്ഷേമവും	28,739 രൂപ
ആകെ	6,30,133 രൂപ

അനുബന്ധം VII

[19-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 15 (15)-ന്റെ ഉത്തരം ദയവായി കാണുക]

1. (എ) ശ്രീ. ഇ. കെ. നായനാർ : (മുഖ്യമന്ത്രി)

5-7-1996 മുതൽ 9-7-1996 വരെയുള്ള യാത്ര

വിമാനയാത്രാക്കൂലി : 1,52,130 രൂപ

ടി. എ. : 1,925 രൂപ

ഡി. എ. : 9,188 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 14-11-1996 മുതൽ 24-11-1996 വരെയുള്ള യാത്ര

വിമാനയാത്രാക്കൂലി	: 88, 974 രൂപ	
ടി. എ.	: 1,362 രൂപ 50 പൈസ	
ഡി. എ.	: 1. ഫ്രാങ്ക്ഫർട്ട്	DM 610.48
	2. ആംസ്റ്റർഡാം	USD 100.00
	3. ബേൺ	SFR 250.00
	4. ദുബായ്	DHS 546.30

(സി) 10-6-1997 മുതൽ 22-6-1997 വരെ

വിമാനയാത്രാക്കൂലി	: 1,55,225 രൂപ	
ടി. എ.	: 2,105 രൂപ	
ഡി. എ.	: 1. ഒട്ടാവ	C$ 410.57
	2. ചിക്കാഗോ	U$ 100.00
	3. പാരീസ്	FF 1413.75
	4. റോം	LIT 6,67,000

(ഡി) 26-9-1998 മുതൽ 29-9-1998 വരെ

വിമാനയാത്രാക്കൂലി	: 35,887 രൂപ
ടി. എ./ഡി. എ.	: കണക്കുകൾ എംബസിയിൽ നിന്നും ലഭിച്ചിട്ടില്ല.

(ഇ) 28-4-1999 മുതൽ 3-5-1999 വരെയുള്ള യാത്ര

വിമാനയാത്രാക്കൂലി	: 40,103 രൂപ

വിദേശത്തെ ഇൻഡ്യൻ എംബസികൾ നൽകിയ ഡി. എ. യുടെ കണക്കുകൾ ലഭ്യമല്ല.

(എഫ്) 6-12-2000 മുതൽ 15-12-2000 വരെ

വിമാനയാത്രാക്കൂലി	: 1,88,016 രൂപ
ടി. എ., ഡി. എ.	: കണക്കുകൾ ലഭ്യമല്ല.

2. ശ്രീ. പി. ജെ. ജോസഫ് : വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പുമന്ത്രി

(എ) 29-6-1996 മുതൽ 13-7-1996 വരെ

വിമാനയാത്രാക്കൂലി	: 1,52,130 രൂപ
ഡി. എ	: വിദേശത്തെ ഇൻഡ്യൻ എംബസികൾ നൽകിയ ഡി. എ. യുടെ കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2-11-1996 മുതൽ 4-11-1996 വരെ

വിമാനയാത്രാക്കൂലി : 33,555 രൂപ

ഡി. എ : വിദേശ ഇൻഡ്യൻ എംബസികൾ നൽകിയ ഡി. എ. യുടെ കണക്കുകൾ ലഭ്യമല്ല.

(സി) 14-11-1996 മുതൽ 24-11-1996 വരെ

വിമാനയാത്രാക്കൂലി : 89,163 രൂപ

ഡി. എ : വിദേശ ഇൻഡ്യൻ എംബസികൾ നൽകിയ ഡി. എ. യുടെ കണക്കുകൾ ലഭ്യമല്ല.

(ഡി) 12-6-1997 മുതൽ 22-6-1997 വരെ

വിമാനയാത്രാക്കൂലി : 90,718 രൂപ

ഡി. എ : കണക്കുകൾ ലഭ്യമല്ല

(ഇ) 22-10-1999 മുതൽ 1-11-1999 വരെ

വിമാനയാത്രാക്കൂലി : 40,015 രൂപ

ഡി. എ : കണക്കുകൾ ലഭ്യമല്ല

(എഫ്) 7-12-2000 മുതൽ 16-12-2000 വരെ

വിമാനയാത്രാക്കൂലി, ഡി.എ. : കണക്കുകൾ ലഭ്യമല്ല

3. ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യബന്ധനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി

(എ) 1-10-1996 മുതൽ 9-10-1996 വരെ

വിമാനയാത്രാക്കൂലി : 90,397 രൂപ

ഡി. എ. : കണക്കുകൾ ലഭ്യമല്ല

(ബി) 26-9-1997 മുതൽ 27-9-1997 വരെ

വിമാനയാത്രാക്കൂലി : 39,698 രൂപ

ഡി. എ. : കണക്കുകൾ ലഭ്യമല്ല

(സി) 28-6-1998 മുതൽ 6-7-1998 വരെ

വിമാനയാത്രാക്കൂലി : 1,79,637 രൂപ

ഡി. എ. : കണക്കുകൾ ലഭ്യമല്ല

(ഡി) 21-7-1999 മുതൽ 1-8-1999 വരെ

വിമാനയാത്രാക്കൂലി : 93,327 രൂപ

ഡി.എ : കണക്കുകൾ ലഭ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. പിണറായി വിജയൻ : മുൻ വൈദ്യുതി സഹകരണ വകുപ്പുമന്ത്രി

(എ) 13-10-1996 മുതൽ 28-10-1996 വരെ

വിമാനയാത്രാക്കൂലി	: 1,36,734 രൂപ
ഡി. എ	: 10,905 രൂപ
	: വിദേശത്തെ ഇൻഡ്യൻ എംബസികൾ നൽകിയ കണക്കുകൾ ലഭ്യമല്ല

(ബി) 10-6-1997 മുതൽ 22-6-1997 വരെ

വിമാനയാത്രാക്കൂലി	: 1,55,225 രൂപ
ഡി. എ	: കണക്കുകൾ ലഭ്യമല്ല

(സി) 28-4-1998 മുതൽ 9-5-1998 വരെ

വിമാനയാത്രാക്കൂലി	: 92,804 രൂപ
ഡി. എ.	: കണക്കുകൾ ലഭ്യമല്ല

5. ശ്രീ. എ. സി. ഷൺമുഖദാസ് : മുൻ ആരോഗ്യ സ്പോർട്സ് വകുപ്പുമന്ത്രി

(എ) 7-5-1997 മുതൽ 22-5-1997 വരെ

വിമാനയാത്രാക്കൂലി	: 1,73,315 രൂപ
ഡി. എ	: കണക്കുകൾ ലഭ്യമല്ല

6. ശ്രീ. കെ. രാധാകൃഷ്ണൻ :പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി

(എ) 24-7-1997 മുതൽ 14-8-1997 വരെ

വിമാനയാത്രാക്കൂലി	: 88,857 രൂപ
ഡി. എ.	: ഇല്ല

7. ശ്രീ. കെ. ഇ. ഇസ്മയിൽ : റവന്യൂ വകുപ്പുമന്ത്രി

(എ) 18-8-1997 മുതൽ 28-8-1997 വരെ

വിമാനയാത്രാക്കൂലി	: 55,686 രൂപ

(ബി) 30-9-1997 മുതൽ 4-10-1997 വരെ

വിമാനയാത്രാക്കൂലി	: 39,719 രൂപ

(സി) 7-8-1999 മുതൽ 13-8-1999 വരെ

വിമാനയാത്രാക്കൂലി	: 32,280 രൂപ
(ആകെ ഡി.എ	: 9300 രൂപ
ഇൻസിഡന്റൽ എക്സ്പെൻസ്	: 3000 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. പി. ആർ. കുറുപ്പ് : മുൻ വനം, ഗതാഗതം, ദേവസ്വം വകുപ്പുമന്ത്രി

(എ) 19-9-1997 മുതൽ 3-10-1997 വരെ

വിമാനയാത്രാക്കൂലി : 1,75,237 രൂപ

ഡി. എ. : 37,525 രൂപ

വിദേശ ഇൻഡ്യൻ എംബസി നൽകിയ ഡിഎ യുടെ കണക്കുകൾ ലഭ്യമല്ല

9. ശ്രീമതി സുശീലാ ഗോപാലൻ : വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

(എ) 14-4-1998 മുതൽ 20-4-1998 വരെ

വിമാനയാത്രാക്കൂലി : 71,710 രൂപ

(ബി) 19-10-1998 മുതൽ 25-10-1998 വരെ

വിമാനയാത്രാക്കൂലി : കണക്കുകൾ ലഭ്യമല്ല

(സി) 26-11-1999 മുതൽ 3-12-1999 വരെ

വിമാനയാത്രാക്കൂലി : 36,030 രൂപ

(വിമാനയാത്രയ്ക്കുള്ള ഇൻസിഡന്റൽ ചാർജസ് ടി.എ, ഡി.എ ഇനത്തിൽ 2001 ജനുവരി മാസം വരെ ആകെ 12000 രൂപ കൈപ്പറ്റിയിട്ടുണ്ട്).

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കൃഷിവകുപ്പുമന്ത്രി

(എ) 30-6-1999 മുതൽ 5-7-1999 വരെ

വിമാനയാത്രാക്കൂലി : 37,475 രൂപ

ഡി. എ. : കണക്കുകൾ ലഭ്യമല്ല

(ബി) 11-10-1999 മുതൽ 20-10-1999 വരെ

വിമാനയാത്രാക്കൂലി : 83,330 രൂപ

ഡി. എ : കണക്കുകൾ ലഭ്യമല്ല

11. ശ്രീ. ടി. ശിവദാസമേനോൻ : ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി

(എ) 29-7-1999 മുതൽ 12-8-1999 വരെ

വിമാനയാത്രാക്കൂലി : 41,825

ഡി. എ : വിദേശത്തെ ഇൻഡ്യൻ എംബസി നൽകിയ കണക്കുകൾ ലഭ്യമല്ല

ഇൻസിഡന്റൽ എക്സ്പെൻസസ് : 5,925

LIBRARY ARCHIVES Kerala Legislative Assembly

കുറിപ്പ്:- (1) ഡിസംബർ മാസത്തിൽ വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ വിദേശസന്ദർശനത്തോടനുബന്ധിച്ചുള്ള ടി. എ/ഡി. എ. സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല.

കുറിപ്പ്:- (2) മന്ത്രിമാരായ ശ്രീ. എസ്. ശർമ്മ, ശ്രീ. വി. പി. രാമകൃഷ്ണപിള്ള, ശ്രീ. സി. കെ. നാണു, ശ്രീ. ഇ. ചന്ദ്രശേഖരൻനായർ, ശ്രീ. വി. സി. കബീർ മാസ്റ്റർ, ശ്രീ. പാലോളി മുഹമ്മദ്കുട്ടി എന്നിവർ വിദേശയാത്ര നടത്തിയിട്ടില്ല. മറ്റുവിവരങ്ങൾ ശേഖരിച്ചു വരുന്നു.

അനുബന്ധം VIII

[19-2-2001- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 16 (16)- ന്റെ ഉത്തരം ദയവായി കാണുക.]

മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും കൈപ്പറ്റിയ ടി. എ., ഡി. എ. (വിമാനയാത്രാക്കൂലി ഒഴികെ) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് (12-2-2001 വരെയുള്ള കണക്ക്)

		ടി.എ., ഡി. എ. (രൂപ)	മെഡിക്കൽ റീഇംപേഴ്സ്മെന്റ് (രൂപ)
1.	ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രി	3,76,818	87,001
2.	ശ്രീ. വി. പി. രാമകൃഷ്ണപിള്ള ജലസേചന-തൊഴിൽ വകുപ്പുമന്ത്രി	6,13,900	78,760
3.	ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി	8,15,954	40,106
4.	ശ്രീ. കെ. ഇ. ഇസ്മായിൽ റവന്യൂ വകുപ്പുമന്ത്രി	10,64,236	5,186
5.	ശ്രീ. പി. ജെ. ജോസഫ് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി	8,25,346	3,31,005
6.	ശ്രീ. സി. കെ. നാണു വനവും ഗതാഗതവും വകുപ്പുമന്ത്രി	3,18,475	755
7.	ശ്രീ. പാലോളി മുഹമ്മദ്കുട്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി	8,52,015	7,522

LIBRARY ARCHIVES Kerala Legislative Assembly